**No. EX/H1/20945/2021/C.G.E**

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാ ഭവൻ, പൂജപ്പുര
തിരുവനന്തപുരം-12
തീയതി : 20/07/2021

# വിജ്ഞാപനം

വിഷയം :- പൊ.വി.- പരീക്ഷാ ഭവൻ- ഡിപ്ലോമ ഇൻ എലിമെന്ററി എജ്യൂക്കേഷൻ (അറബിക്, ഉറുദു, സംസ്കൃതം, ഹിന്ദി) 2020-2022 ഒന്നാം സെമസ്റ്റർ പരീക്ഷ - സംബന്ധിച്ച്.

സൂചന :-
1. സ.ഉ (കൈ) നം.30/19/പൊ.വി.വ. തീയതി 07.03.2019.
2. സ.ഉ.(സാധാ) നം.3451/2019/പൊ.വി.വ. തീയതി, 29.08.2019
3. 08/09/2020- ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നുള്ള വിജ്ഞാപനം നമ്പർ: എം 2/13758/2020/ഡി.ജി.ഇ & എം 2/13759/2020/ഡി.ജി.ഇ

********

2006-07 മുതൽ നടത്തിയിരുന്ന ഡിപ്ലോമ ഇൻ ലാംഗ്വേജ് എജ്യൂക്കേഷൻ (അറബിക്, ഉറുദു, ഹിന്ദി) കോഴ്സിന്റെ കാലാവധി രണ്ട് വർഷമായി ദീർഘിപ്പിക്കുകയും, സൂചന (2) ഉത്തരവ് പ്രകാരം സംസ്കൃതം കൂടി ഉൾപ്പെടുത്തിടി കോഴ്സിന്റെ പേര് സൂചന (1) ഉത്തരവ് പ്രകാരം ഡിപ്ലോമ ഇൻ എലിമെന്ററി എജ്യൂക്കേഷൻ (അറബിക്, ഉറുദു, സംസ്കൃതം, ഹിന്ദി) എന്ന പേരിൽ പുനർ നാമകരണം ചെയ്തിട്ടുണ്ട്. സൂചന (3) പ്രകാരം ഡിപ്ലോമ ഇൻ എലിമെന്ററി എജ്യൂക്കേഷൻ (അറബിക്, ഉറുദു, സംസ്കൃതം, ഹിന്ദി) 2020-2022 കോഴ്സിന്റെ ഒന്നാം സെമസ്റ്ററിലേക്കുള്ള പരീക്ഷാ വിജ്ഞാപനം ചുവടെ ചേർക്കുന്നു.

## ഒന്നാം സെമസ്റ്റർ പരീക്ഷ സംബന്ധിച്ച വിവരം

1. 07.03.2019 ലെ സർക്കാർ ഉത്തരവ് നമ്പർ 30/2019/പൊ.വി. പ്രകാരം 2020-2022 അധ്യായന വർഷം പുതുക്കിയ പാഠ്യ പദ്ധതി അനുസരിച്ചാണ് പരീക്ഷ നടത്തുന്നത്.
2. ഒന്നാം സെമസ്റ്ററിൽ ആകെ 6 പേപ്പറുകളാണ് ഉള്ളത്.
3. പൊതു പരീക്ഷ, നിരന്തര വിലയിരുത്തൽ, സ്കൂൾ അനുഭവ പരിപാടി എന്നിങ്ങനെ മൂന്ന് പാർട്ടുകളായാണ് വിലയിരുത്തൽ നടത്തുന്നത്.
4. 151 മുതൽ 154 വരെയുള്ള പേപ്പറുകളിൽ പൊതു പരീക്ഷയും 151 മുതൽ 156 വരെയുള്ള പേപ്പറുകളിൽ നിരന്തര വിലയിരുത്തലും 153,154,156 പേപ്പറുകളിൽ സ്കൂൾ അനുഭവ പരിപാടിയുമാണ് നടത്തുന്നത്.
5. പൊതു പരീക്ഷയിൽ 151,152 പേപ്പറുകൾക്ക് 70 സ്കോറും 153,154 പേപ്പറുകൾക്ക് 90 സ്കോറുമാണുള്ളത്.
6. നിരന്തര വിലയിരുത്തലിൽ 151,152,153,154 പേപ്പറുകൾക്ക് 20 സ്കോറും 155,156 പേപ്പറുകൾക്ക് 10 സ്കോറുമാണുള്ളത്.
7. സ്കൂൾ അനുഭവ പരിപാടിയിൽ 153, 154 പേപ്പറുകൾക്ക് 20 സ്കോറും 156 പേപ്പറിന് 10 സ്കോറും എന്ന രീതിയിലാണ് വിലയിരുത്തൽ നിശ്ചയിച്ചിട്ടുള്ളത്.
8. 151, 152 പേപ്പറുകൾക്ക് 70 സ്കോറിന് പൊതു പരീക്ഷയും നിരന്തര വിലയിരുത്തലിന് 20 സ്കോറും ചേർത്ത് 90 മാർക്കിനാണ് വിലയിരുത്തൽ നടത്തുന്നത്.

9. 153,154 പേപ്പറുകൾക്ക് 90 സ്കോറിന് പൊതു പരീക്ഷയും 20 മാർക്കിന് നിരന്തര വിലയിരുത്തലും 20 മാർക്കിന് സ്കൂൾ അനുഭവ പരിപാടിയും ചേർത്ത് ആകെ 130 മാർക്കിനാണ് വിലയിരുത്തൽ നടത്തുന്നത്.
10. 155 പേപ്പറിന് 10 സ്കോറിന് നിരന്തരവിലയിരുത്തൽ മാത്രമാണുള്ളത്.
11. 156 പേപ്പറിന് 10 സ്കോറിന് നിരന്തര വിലയിരുത്തലും 10 സ്കോറിന് സ്കൂൾ അനുഭവ പരിപാടിയും ചേർത്ത് 20 സ്കോറാണുള്ളത്.
12. ഒന്നാം സെമസ്റ്ററിൽ നിരന്തര വിലയിരുത്തലിന് 100 സ്കോറും പൊതു പരീക്ഷയ്ക്ക് 320 സ്കോറും സ്കൂൾ അനുഭവ പരിപാടിയ്ക്ക് 50 മാർക്കും ചേർത്ത് ആകെ 470 സ്കോറിനാണ് വിലയിരുത്തൽ നടത്തുന്നത്.

## പാർട്ട് I (പൊതു പരീക്ഷ)

| പേപ്പർ | വിഷയം | സ്കോർ | സമയം |
|---|---|---|---|
| 151 | വിദ്യാഭ്യാസ മനശാസ്ത്രം- സിദ്ധാന്തവും പ്രയോഗവും | 70 | 2 $^1/_2$ മണിക്കൂർ |
| 152 | വിദ്യാഭ്യാസത്തിന്റെ ദാർശനികവും സാമൂഹികവും ചരിത്രപരവുമായ അടിത്തറ | 70 | 2 $^1/_2$ മണിക്കൂർ |
| 153 | ഭാഷയും സാഹിത്യവും (അറബിക്/ഹിന്ദി/ സംസ്കൃതം/ഉറുദു) | 90 | 3 മണിക്കൂർ |
| 154 | ഭാഷാ പഠനത്തിന്റെ സൈദ്ധാന്തിക അടിത്തറ (അറബിക്/ ഹിന്ദി/ സംസ്കൃതം/ ഉറുദു) | 90 | 3 മണിക്കൂർ |

## പാർട്ട് II (നിരന്തര വിലയിരുത്തൽ)

| പേപ്പർ | വിഷയം | സ്കോർ |
|---|---|---|
| 151 | വിദ്യാഭ്യാസ മനശാസ്ത്രം- സിദ്ധാന്തവും പ്രയോഗവും | 20 |
| 152 | വിദ്യാഭ്യാസത്തിന്റെ ദാർശനികവും സാമൂഹികവും ചരിത്രപരവുമായ അടിത്തറ | 20 |
| 153 | ഭാഷയും സാഹിത്യവും (അറബിക്/ഹിന്ദി/ സംസ്കൃതം/ഉറുദു) | 20 |
| 154 | ഭാഷാ പഠനത്തിന്റെ സൈദ്ധാന്തിക അടിത്തറ (അറബിക്/ഹിന്ദി/സംസ്കൃതം/ ഉറുദു) | 20 |
| 155 | വിവര വിനിമയ സാങ്കേതിക വിദ്യ (ICT) സാധ്യതകളും പ്രയോഗവും | 10 |
| 156 | പരിസര പഠനം - പഠനവും ബോധനവും-I | 10 |

## പാർട്ട് III (സ്കൂൾ അനുഭവ പരിപാടി)

| പേപ്പർ | വിഷയം | സ്കോർ |
|---|---|---|
| 153 | ഭാഷയും സാഹിത്യവും (അറബിക്/ഹിന്ദി/ സംസ്കൃതം/ഉറുദു) | 20 |
| 154 | ഭാഷാ പഠനത്തിന്റെ സൈദ്ധാന്തിക അടിത്തറ (അറബിക്/ഹിന്ദി/സംസ്കൃതം/ ഉറുദു) | 20 |
| 156 | പരിസര പഠനം-പഠനവും ബോധനവും-I | 10 |

## ഗ്രേഡിംഗ്

| സ്കോർ | ഗ്രേഡ് |
|---|---|
| 90%-100% | A+ |
| 80%-89% | A |
| 70%-79% | B+ |
| 60%-69% | B |
| 50%-59% | C+ |
| 40%-49% | C |
| Below 40% | D+ |

പരീക്ഷയ്ക്ക് വിജയിക്കുന്നതിന് എല്ലാ പേപ്പറുകളുടെയും എഴുത്തു പരീക്ഷ, നിരന്തര മൂല്യനിർണയം, സ്കൂൾ അനുഭവ പരിപാടി എന്നിവയ്ക്ക് സി+ ഗ്രേഡ് (50%) എങ്കിലും നേടിയിരിക്കണം.

## പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള യോഗ്യതകൾ

2020-2022 വർഷത്തേയ്ക്ക് കോഴ്സിലേക്കുള്ള പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് 85% ഹാജർ ഉണ്ടെങ്കിൽ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

## കാൻഡിഡേറ്റ് രജിസ്ട്രേഷൻ

പരീക്ഷാ ഭവന്റെ (www.dledexam.kerala.gov.in) എന്ന വെബ്സൈറ്റിൽ Annexure A ആയി ചേർത്തിരിക്കുന്ന നിർദേശങ്ങൾ പ്രകാരം കാൻഡിഡേറ്റ് രജിസ്ട്രേഷൻ 31.07.2021 മുതൽ 04.08.2021 വരെ നടത്തേണ്ടതും 04.08.2021-ന് 5 മണിക്ക് മുമ്പ് Candidate confirmation നടത്തേണ്ടതുമാണ്.

## പരീക്ഷാ രജിസ്ട്രേഷൻ

04.08.2021 മുതൽ 09.08.2021 വരെ പൊതു വിദ്യാഭ്യാസ ഡയറക്ടർ വെരിഫിക്കേഷൻ നടത്തിയതിനുശേഷം 10.08.2021 മുതൽ 13.08.2021 വരെ പരീക്ഷാ രജിസ്ട്രേഷനും വെരിഫിക്കേഷനും നടത്താവുന്നതാണ്.

എല്ലാ സ്ഥാപനങ്ങളും തുടർ മൂല്യ നിർണ്ണയ സ്കോർ 16.08.2021 ന് മുമ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്.

ഒറിജിനൽ ചലാൻ സെക്രട്ടറി, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം-695012 എന്ന വിലാസത്തിൽ പരീക്ഷാ ഭവനിലേക്ക് അയച്ചു തരേണ്ടതാണ്.

## പരീക്ഷാ കേന്ദ്രങ്ങൾ

പരീക്ഷാ കേന്ദ്രങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

### D.El.Ed (SANSKRIT)

| Sl.No | Name of institution | Institution Code | Centre of Examination | Centre Code |
|---|---|---|---|---|
| 1 | DIET, Kozhikode (Vadakara) | 16701 | DIET, Kozhikode (Vadakara) | 16701 |

### D.El.Ed (URDU)

| Sl.No | Name of institution | Institution Code | Centre of Examination | Centre Code |
|---|---|---|---|---|
| 1 | Govt.TTI , Malappuram | 18702 | Govt TTI Malappuram | 18702 |
| 2 | Govt TTI for Women, Kozhikode | 17705 | Govt TTI for Women, Kozhikode | 17705 |

### D.El.Ed (ARABIC)

| Sl.No | Name of institution | Institution Code | Centre of Examination | Centre Code |
|---|---|---|---|---|
| 1 | Govt.TTI , Kollam | 41709 | Govt.TTI , Kollam | 41709 |
| 2 | Govt TTI, Malappuram | 18702 | Govt TTI, Malappuram | 18702 |
| 3 | Govt TTI for Women, Kozhikode | 17705 | Govt TTI for Women, Kozhikode | 17705 |

### D.El.Ed (HINDI)

| Sl.No | Name of institution | Institution Code | Centre of Examination | Centre Code |
|---|---|---|---|---|
| 1 | Govt. Regional Institute of Language Training, PMG Junction, Thiruvananthapuram | 43708 | Govt. GHSS Pattom, Thiruvananthapuram | 43035 |
| 2 | Govt Hindi Teacher Training Institute, Ramavarmapuram, Thrissur | 22705 | GHSS Villadam | 22083 |
| 3 | Malabar Hindi Prachar Kendra, Kondotty | 18713 | GHSS Kottappuram. | 18072 |
| 4 | Perfect TTI, Perinthalmanna, Malappuram | 18714 | GBHSS, Perinthalmanna | 18058 |
| 5 | Bharat Hindi Prachara Kendram, Adoor | 38706 | GGHSS , Adoor | 38003 |

## ഫീസ് നിരക്കുകൾ

ഒന്നാം സെമസ്റ്ററിലെ പൊതു പരീക്ഷയ്ക്കുള്ള ഫീസ് 100/- രൂപയാണ്. ഫീസ് നിശ്ചിത ദിസത്തിനുള്ളിൽ 0202-01-102-99 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. പട്ടിക ജാതി-പട്ടികവർഗ്ഗ, ഒ.ഇ.സി. വിഭാഗങ്ങളിൽ ഉൾപ്പെടുന്ന പരീക്ഷാർത്ഥികൾ ആദ്യ രണ്ട് ചാൻസുകൾക്ക് ഫീസടക്കേണ്ടതില്ല.

എല്ലാ വിഭാഗത്തിലുള്ള വിദ്യാർത്ഥികളും സർട്ടിഫിക്കറ്റിനുള്ള ഫീസായി 100/- രൂപ ഒടുക്കേണ്ടതാണ്.

നിശ്ചിത സമയപരിധിക്ക് ശേഷം 10രൂപ ഫൈനോടുകൂടി ഫീസ് ഒടുക്കേണ്ടതാണ്.

## പരീക്ഷാതീയതി:

പരീക്ഷാ കമ്മീഷണറുടെ/ഗവൺമെന്റ് ഉത്തരവിന്റെ വെളിച്ചത്തിൽ പരീക്ഷാതീയതി പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

## സമയബന്ധിതമായി പൂർത്തിയാക്കേണ്ട പ്രവർത്തനങ്ങളും തീയതികളും

| | | | |
|---|---|---|---|
| 1 | പരീക്ഷാ ഫീസ് സ്വീകരിക്കേണ്ട അവസാന തീയതി | : | 31.07.2021 |
| 2 | ഫൈനോടുകൂടി പരീക്ഷാ ഫീസ് സ്വീകരിക്കേണ്ട തീയതി | : | 04.08.2021 |
| 3 | ലഭിച്ച ഫീസ് ട്രഷറിയിൽ ഒടുക്കേണ്ട അവസാന തീയതി | : | 04.08.2021 |
| 4 | പരീക്ഷാ ഭവൻ വെബ്സൈറ്റിൽ ഹാൾടിക്കറ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | : | പിന്നീട് അറിയിക്കുന്നതാണ്. |

## അഡ്മിഷൻ ടിക്കറ്റ്

പരീക്ഷാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് പരീക്ഷാ ഭവന്റെ **(www.dledexam.kerala.gov.in)** വെബ്സൈറ്റിൽ നിന്നും നിശ്ചിത തീയതി മുതൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്. അഡ്മിഷൻ ടിക്കറ്റ് ഹാജരാക്കാത്ത വിദ്യാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല.

## പരീക്ഷാചെലവുകൾക്കുള്ള ഫണ്ട്

ചീഫ് സൂപ്രണ്ടുമാർ സ്കൂൾ സ്പെഷ്യൽ ഫീ ഫണ്ടിൽ നിന്നും ആവശ്യമായ തുക താല്കാലികമായി പിൻവലിച്ചതാണ് ഡി.എൽ.എഡ് പരീക്ഷ സംബന്ധിച്ചുള്ള ചെലവുകൾ വഹിക്കേണ്ടതാണ്. ചെലവായ തുകകളുടെ അഡ്മിസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുവാനും റീ-കൂപ്പ് ചെയ്യുവാനുള്ള തുക അനുവദിക്കുവാനും 10.04.2012-ലെ ജി.ഒ(എം.എസ്) നം.112/12/പൊ.വി.വ. പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിനായി നിർദിഷ്ട ഫോറത്തിൽ ചീഫ് സൂപ്രണ്ടുമാർ തങ്ങളുടെ സ്റ്റേറ്റ്മെന്റോടുകൂടി വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്.

## മാർക്ക് ലിസ്റ്റ് വിതരണം

പരീക്ഷാഫലം പ്രഖ്യാപിച്ചതിനു ശേഷം മാർക്ക് ലിസ്റ്റുകൾ വിതരണത്തിനായി ടി.ടി.ഐ.കളിൽ എത്തിക്കുന്നതാണ്. ഡ്യൂപ്ലിക്കേറ്റ് രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിയ ശേഷം മാർക്ക് ലിസ്റ്റ് പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതാണ്.

വിദ്യാർത്ഥിയെ സംബന്ധിച്ച് തെറ്റായി രേഖപ്പെടുത്തിയതോ, പരീക്ഷാ സെക്രട്ടറിയുടെ ഒപ്പും, സീലും ഇല്ലാത്തതോ, പ്രിന്റ് തെളിയാത്തതോ ആയ മാർക്ക് ലിസ്റ്റ് വിതരണം ചെയ്യാൻ പാടുള്ളതല്ല. ഇങ്ങനെയുള്ളവ പരീക്ഷാ ഭവനിൽ തിരികെ എത്തിച്ച് തെറ്റു തിരുത്തി വാങ്ങേണ്ടതാണ്.

## ഉത്തരകടലാസുകളുടെ സൂക്ഷ്മ പരിശോധനയും പുനർ മൂല്യ നിർണയവും

മൂല്യ നിർണയം നടത്തിയ ഉത്തര കടലാസുകളുടെ സൂക്ഷ്മ പരിശോധന, പുനർ മൂല്യനിർണയം എന്നിവയ്ക്കുള്ള അപേക്ഷ പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി 5 ദിവസത്തിനകം ഓൺലൈൻ മുഖേന നൽകി പ്രിന്റൗട്ട് എടുത്ത് അതത് ടി.ടി.ഐ പ്രിൻസിപ്പാൾമാർക്ക് നൽകേണ്ടതാണ്. ഇങ്ങനെ ലഭിക്കുന്ന പ്രിന്റൗട്ട് പരിശോധിച്ച് പ്രിൻസിപ്പാൾ ഓൺലൈൻ മുഖേന അപേക്ഷ വെരിഫൈ ചെയ്യേണ്ടതാണ്. ഓൺലൈൻ മുഖേന വെരിഫൈ ചെയ്യാത്ത അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. നിശ്ചിത ഫീസ് പണമായി അപേക്ഷയോടൊപ്പം തന്നെ നൽകേണ്ടതാണ്. അപേക്ഷകളും ഫീസും പരീക്ഷാ ഭവനിൽ നേരിട്ട് സ്വീകരിക്കുന്ന-തല്ല.

## സൂക്ഷ്മ പരിശോധന ( Scrutiny)

പരീക്ഷാർത്ഥികൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷയിൽ പേപ്പർ 1 ന് 50/- രൂപ ക്രമത്തിൽ ഫീസ് ഒടുക്കി അപേക്ഷിക്കാവുന്നതാണ്.

## പുനർ മൂല്യ നിർണയം (Revaluation)

പരീക്ഷാർത്ഥികൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷയിൽ പേപ്പർ1 ന് 400/- രൂപ ക്രമത്തിൽ ഫീസ് ഒടുക്കി അപേക്ഷിക്കാവുന്നതാണ്. പുനർ മൂല്യ നിർണയത്തിന് അപേക്ഷിക്കുന്നവർ അതേ പേപ്പറിന് സൂക്ഷ്മ പരിശോധനയ്ക്കു വേണ്ടി പ്രത്യേകം അപേക്ഷിക്കേണ്ടതില്ല.

സൂക്ഷ്മ പരിശോധനയ്ക്കും പുനർ മൂല്യ നിർണയത്തിനും അപേക്ഷിക്കുന്ന തിനുള്ള തീയതി അവസാനിച്ചതിന്റെ അടുത്ത ദിവസം സ്ഥാപന മേധാവികൾ അപേക്ഷകളുടെയും തുകയുടെ വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് പരീക്ഷാ ഭവനിലേക്ക് ഇ-മെയിൽ അയക്കേണ്ടതാണ്. പുനർ മൂല്യ നിർണ്ണയത്തിന്റെ ഫലം പരീക്ഷാഭവൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

പുനർ മൂല്യ നിർണയം വഴിയോ, സൂക്ഷ്മ പരിശോധനയിലൂടെയോ ഗ്രേഡ് മാറ്റം വന്ന വിദ്യാർത്ഥികൾക്ക് തിരികെ നൽകിയതിനു ശേഷമുള്ള തുക '02-02-01-102-92 അദർ റെസീറ്റ്' എന്ന ശീർഷകത്തിൽ അടച്ച് ഒറിജിനൽ രസീത് പരീക്ഷാ ഭവനിലേക്ക് അയച്ചു നൽകേണ്ടതാണ്. പുനർ മൂല്യ നിർണയം വഴി ഗ്രേഡ് മാറ്റം നേടിയവർക്കുള്ള മാർക്ക് ലിസ്റ്റ് ബന്ധപ്പെട്ട റ്റി.റ്റി.ഐ.വഴി വിതരണം ചെയ്യുന്നതാണ്.

## രജിസ്ട്രേഷൻ റദ്ദാക്കൽ

പരീക്ഷാർത്ഥികളുടെ രജിസ്ട്രേഷൻ റദ്ദാക്കേണ്ട സാഹചര്യം ഉണ്ടാവുകയാ ണെങ്കിൽ അനുബന്ധമായി നൽകിയിരിക്കുന്ന ഫോറത്തിൽ അപേക്ഷിക്കേണ്ട താണ്. അപേക്ഷ അയക്കുന്ന കവറിനു മുകളിൽ ഡി.ഇ.എൽ.ഇ.ഡി പരീക്ഷാർത്ഥിത്വം റദ്ദാക്കുന്നതിനുള്ള അപേക്ഷ എന്ന് രേഖപ്പെടുത്തേണ്ടതാണ്.

## പൊതു നിർദേശങ്ങൾ

1. പരീക്ഷാ ഫീസ്, സർട്ടിഫിക്കറ്റ് ഫീസ് എന്നിവ ഒടുക്കിയ ഒറിജിനൽ രസീത്, ആകെ വിദ്യാർത്ഥികളുടെ എണ്ണം, പരീക്ഷാ ഫീസിൽ നിന്നും ഒഴിവാക്കപ്പെട്ടവ രുടെ എണ്ണം ഫീസടച്ചവരുടെ വിവരം എന്നിവയുടെ അബ്സ്ട്രാക്റ്റ് തയ്യാറാക്കി പരീക്ഷാ ഭവനിലേക്ക് അയക്കേണ്ടതാണ്.
2. ഫീസ് ഒടുക്കിയതിൽ കുറവോ, രസീത് നൽകാതിരിക്കുകയോ ചെയ്യുന്ന വർക്ക് അഡ്മിഷൻ ടിക്കറ്റ് അനുവദിക്കുന്നതല്ല.

3. ഫീസ് രസീത്, 'എ' ലിസ്റ്റ് എന്നിവ നിശ്ചിത തീയതിയിൽ തന്നെ പരീക്ഷാ ഭവനിലേക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം സ്ഥാപന മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.
4. പരീക്ഷാ ഹാളിൽ എന്തെങ്കിലും ക്രമക്കേട് നടത്തുന്നതായി ശ്രദ്ധയിൽ പ്പെട്ടാൽ തുടർന്ന് പരീക്ഷയെഴുതാൻ അനുവദിക്കുന്നതല്ല.
5. പരീക്ഷാ ഹാളിൽ സെൽഫോൺ അനുവദിക്കുന്നതല്ല.
6. പരീക്ഷാ സമയ വിവര പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന സമയത്തിൽ നിന്നും താമസിച്ചു ഹാജരാകുന്നവരെ പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല.

## കോവിഡ്-19 നിർദ്ദേശങ്ങൾ:

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ കർശന ആരോഗ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം പരീക്ഷ നടത്തേണ്ടത്. പരീക്ഷാ ഹാളുകൾ, ഫർണിച്ചർ, പരിസരം എന്നിവ ശുചിയാക്കുകയും അണുവിമുക്തമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. പരീക്ഷാകേന്ദ്രത്തിന്റെ പ്രവേശനകവാടത്തിൽ വിദ്യാർത്ഥികൾക്ക് സാനിറ്റൈസർ നൽകുന്നതിനായി ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്. പരീക്ഷാദിവസങ്ങളിൽ പരീക്ഷാ കേന്ദ്രത്തിന്റെ കോമ്പൗണ്ടിനുള്ളിൽ പൂർണ്ണമായും വിദ്യാർത്ഥികൾ മാസ്ക് ധരിച്ചിട്ടുണ്ടെന്നും സാമൂഹിക അകലം പാലിക്കുന്നുണ്ട് എന്നും ഉറപ്പുവരുത്തേണ്ടതാണ്. കോവിഡ് പോസിറ്റീവായവരെയും ക്വാറന്റയിനിലുള്ളവരെയും കണ്ടെയിൻമെന്റ് സോണിൽ നിന്നും വരുന്നവരെയും തെർമൽ സ്കാനറിൽ ഉയർന്ന ഊഷ്മാവ് കാണിക്കുന്നവരെയും മറ്റു അസുഖ ലക്ഷണം കാണിക്കുന്നവരെയും പ്രത്യേകം ഹാളുകളിൽ പരീക്ഷയ്ക്ക് ഇരുത്തേണ്ടതാണ്. പരീക്ഷ നടത്തുമ്പോൾ പ്രത്യേക മുറികളിൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകൾ പ്ലാസ്റ്റിക് കവറുകളിൽ ശേഖരിച്ച് സീൽ ചെയ്യുകയും ഇവ പ്ലാസ്റ്റിക് കവർ തുറക്കാതെ തന്നെ പ്രത്യേക സി.വി കവറിലാക്കി, കവറിന്റെ പുറത്ത് പ്രസ്തുത വിദ്യാർത്ഥികളുടെ രജിസ്റ്റർ നമ്പർ രേഖപ്പെടുത്തേണ്ടതാണ്.

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

ജീവൻ ബാബു കെ. ഐ.എ.എസ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ &
പരീക്ഷാ കമ്മീഷണർ

# ANNEXURE - A

## D.El.Ed. Languages (Arabic/Urdu/Sanskrit/Hindi) April 2021

### കാൻഡിഡേറ്റ് രജിസ്ട്രേഷൻ, പരീക്ഷാ രജിസ്ട്രേഷൻ : നിർദ്ദേശങ്ങൾ

### വെബ്സൈറ്റ് അഡ്രസ്സ് : www.dledexam.kerala.gov.in

### TTI ലോഗിൻ ചെയ്യുന്ന വിധം

പ്രസ്തുത പേജിൽ ലോഗിൻ ടൈപ്പ് ITE എന്ന് സെലക്ട് ചെയ്ത് ITE Code, User Name, Password എന്നിവ നൽകി ലോഗിൻ ചെയ്യണം.

പരീക്ഷാഭവനിൽ നിന്നും ലഭ്യമാകുന്ന Default Password ഉപയോഗിച്ച് ആദ്യ മായി ലോഗിൻ ചെയ്യുമ്പോൾ പുതിയ പാസ്‌വേർഡ് സെറ്റ് ചെയ്യുന്നതിനുള്ള പേജ് ദൃശ്യമാകുന്നതാണ്. പുതിയ പാസ്‌വേർഡ് സെറ്റ് ചെയ്തു കഴിഞ്ഞാൽ വീണ്ടും ലോഗിൻ ചെയ്യേണ്ടതായി വരും.

തുടർന്ന് സ്ഥാപന മേധാവിയുടെ വിവരങ്ങൾ, സ്ഥാപനത്തിന്റെ വിവരങ്ങൾ, Staff Details എന്നിവ നൽകി SAVE and INITIATE ചെയ്യണം.

### I. ഒന്നാം സെമസ്റ്റർ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ

ITE ലോഗിനിലെ Pre Exam Events മെനുവിലെ Admission Registration എന്ന സബ് മെനുവിൽ ലഭ്യമായിട്ടുള്ള Registration മെനുവിൽ ക്ലിക്ക് ചെയ്ത് പ്രവേശനം നൽകിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ സമർപ്പിക്കേണ്ടതാണ്. ഏഴ് ഘട്ടങ്ങളിലൂടെയാണ് Admission Registration പൂർത്തികരിക്കേണ്ടത്.

രജിസ്ട്രേഷൻ പേജിന്റെ **Part–I** -ൽ വിദ്യാർത്ഥിയുടെ അഡ്മിഷൻ നമ്പർ, പേര് (എസ്.എസ്.എൽ.സി/തത്തുല്യ സർട്ടിഫിക്കറ്റിൽ ഉള്ളതുപോലെ), ഭാഷ, ജെൻഡർ എന്നിവ രേഖപ്പെടുത്തണം.

**Part- II (A)** -ൽ Teaching Experience ഉള്ളവർക്ക് അതിനനുസരിച്ചുള്ള പ്രായപരിധിയിൽ ഇളവ് ലഭിക്കുന്നതാണ്. അതിനായി പ്രവർത്തിപരിചയം, വർഷം എന്നിവയും അവ തെളിയിക്കുന്ന സർട്ടിഫിക്കറ്റും ഉൾപ്പെടുത്തേണ്ടതാ ണ്.

**Part- II (B)** -ൽ വിദ്യാർത്ഥിയുടെ ജാതിവിഭാഗം, ജാതി, മതം, പൗരത്വം, ജനനതീയതി എന്നിവ രേഖപ്പെടുത്തണം.

പ്രവേശനത്തിൽ കാറ്റഗറിക്ക് അനുസൃതമായ ഇളവുകൾ ഉള്ളതിനാൽ ജാതി, മതം, കാറ്റഗറി മുതലായവ വളരെ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

(മറുപുറം)

**Part- III -** ൽ ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്നവർ ആയത് രേഖപ്പെടുത്തി സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യണം.

**Part- IV-** ൽ എസ്.എസ്.എൽ.സി/ തത്തുല്യ യോഗ്യത പരീക്ഷയുടെ വിവരങ്ങൾ (വർഷം, രജിസ്റ്റർ നമ്പർ) എന്നിവയും ഹയർ സെക്കന്ററി പരീക്ഷയുടെ വിവരങ്ങൾ (വർഷം, രജിസ്റ്റർ നമ്പർ) എന്നിവയും രേഖപ്പെടുത്തേണ്ടതാണ്. അതോടൊപ്പം ഭാഷയ്ക്ക് അനുയോജ്യമായ പ്രവേശനയോഗ്യത തെരഞ്ഞെടുക്കേണ്ടതും മാർക്ക് ശതമാനം രേഖപ്പെടുത്തേണ്ടതുമാണ്.

**Part-V -**ൽ കാറ്റഗറിക്ക് അനുയോജ്യമായി ഫീസ് ഇളവിനെ സംബന്ധിച്ച വിവരം ദൃശ്യമാകുന്നതും ഒപ്പം മൊബൈൽ നമ്പർ, ഇ-മെയിൽ എന്നിവ രേഖപ്പെടു- ത്തേണ്ടതുമാണ്.

**Part- VI -**ൽ അഡ്രസ്, ആധാർ നമ്പർ, വിദ്യാർത്ഥിയുടെ നിർദിഷ്ഠ മാനദണ്ഡ- ത്തിലുള്ള ഫോട്ടോ (സ്ഥാപനത്തിൽ പ്രവേശനം നേടിയ ശേഷമുള്ള ഫോട്ടോ ആയിരിക്കണം. കൂടാതെ 150 x 200 pixel, 20 kb മുതൽ 30 kb വരെ വലിപ്പമുള്ള jpg/jpeg ഫോർമാറ്റിലുള്ള ഫോട്ടോയും ആയിരിക്കണം)

ഏഴ് ഘട്ടമായി കൃത്യതയോടെ നൽകിയശേഷം Preview Candidate Details ബട്ടൺ ക്ലിക്ക് ചെയ്യുക. വിദ്യാർത്ഥിയുടെ വിവരങ്ങൾ ഒരിക്കൽകൂടി ദൃശ്യമാ- കുന്നതാണ്. ടി വിവരങ്ങൾ ഏതെങ്കിലും തരത്തിലുള്ള തിരുത്തലുകൾ ആവശ്യ- മെങ്കിൽ Edit ബട്ടൺ ക്ലിക്ക് ചെയ്ത് തിരുത്തലുകൾ വരുത്താവുന്നതാണ്. അല്ലെങ്കിൽ Save ബട്ടൺ ക്ലിക്ക് ചെയ്ത് വിദ്യാർത്ഥിയുടെ വിവരങ്ങൾ സേവ് ചെയ്യണം. ഇത്തരത്തിൽ എല്ലാ വിദ്യാർത്ഥികളുടെയും വിവരങ്ങൾ എന്റർ ചെയ്ത് സേവ് ചെയ്തശേഷം സ്ഥാപനമേധാവി Pre Exam Event -ലെ Admission Registration സബ്മെനുവിലെ Confirmation എന്ന മെനുവിലൂടെ കൺഫർമേഷൻ പൂർത്തിയാക്കണം. കൺഫർമേഷൻ പൂർത്തികരിച്ചശേഷം യാതൊരുവിധ തിരുത്തലുകളും സാധ്യമല്ല. Confirmation ന് ശേഷം DGE List മെനുവിൽ നിന്നും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലെ ബന്ധപ്പെട്ട സെക്ഷന് ('എം' സെക്ഷൻ) സമർപ്പിക്കേണ്ട റിപ്പോർട്ട് ലഭിക്കുന്നതാണ്.

## II. <u>ഒന്നാം സെമസ്റ്റർ പരീക്ഷാരജിസ്ട്രേഷൻ</u>

Pre-Exam Events മെനുവിൽ സബ്മെനുവായ Exam Registratiion- ൽ നിന്നും Exam Registration എന്ന സബ്മെനുവിലൂടെയാണ് പരീക്ഷാരജിസ്ട്രേഷൻ ചെയ്യേണ്ടത്. പൊതു വിദ്യാഭ്യാസ ഡയറക്ടർ അംഗീകരിച്ച ലിസ്റ്റിൽ നിന്നും യോഗ്യരായ വിദ്യാർത്ഥികളെയാണ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യേണ്ടത്.

Exam Registration മെനുവിൽ ക്ലിക്ക് ചെയ്യുമ്പോൾ പഠന സെമസ്റ്ററും അതോടൊപ്പം രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ വിവരങ്ങളും ദൃശ്യമാകുന്നതാണ്. രജിസ്റ്റർ നമ്പർ നൽകുമ്പോൾ വിദ്യാർത്ഥിയുടെ പേരും പഠന സെമസ്റ്ററും ദൃശ്യമാകുന്നതാണ്. വിദ്യാർത്ഥിയെ ഉറപ്പാക്കിയശേഷം Attendance Entry നടത്തേണ്ടതാണ്. ആകെ പഠന ദിവസങ്ങളും ആകെ ഹാജരായ ദിവസങ്ങളും നൽകി OK ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ ഹാജർ ശതമാനം ദൃശ്യമാകുന്നതാണ്. നിശ്ചിത ശതമാനം ഹാജർ ഉള്ള പക്ഷം Continue ചെയ്യണം. ഹാജർ കുറവ് കാണിക്കുകയാണെങ്കിൽ Condonation Order ഉണ്ടെങ്കിൽ ഓർഡർ നമ്പർ, ഓർഡർ എന്നീ വിവരങ്ങൾ നൽകി Continue ചെയ്യാവുന്നതാണ്. Continue ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ പ്രസ്തുത വിദ്യാർത്ഥിയുടെ Theory Papers ന്റെയും CE Papers ന്റെയും വിശദാംശങ്ങൾ കാണാവുന്നതാണ്. വിഷയങ്ങൾ പരിശോധിച്ച് Apply Exam ബട്ടൺ ക്ലിക്ക് ചെയ്യുക. എല്ലാ വിദ്യാർത്ഥികളുടെയും പരീക്ഷാരജിസ്ട്രേഷൻ കഴിഞ്ഞശേഷം Exam Registrtation മെനുവിന്റെ അടുത്ത മെനുവായ Verify Registered Papers ലിങ്കിലൂടെ രജിസ്റ്റർ നമ്പർ, പഠന സെമസ്റ്റർ എന്നിവ നൽകി അപേക്ഷിച്ച വിഷയങ്ങൾ ഒരിക്കൽകൂടി പരിശോധിച്ച് ഉറപ്പാക്കി 'Verify All Papers' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് വെരിഫിക്കേഷൻ പൂർത്തികരിക്കണം.

രജിസ്ട്രേഷൻ, വെരിഫിക്കേഷൻ എന്നീ രണ്ടു ഘട്ടങ്ങൾ പൂർത്തിയാക്കിയ പഠിതാക്കൾക്കു മാത്രമേ പരീക്ഷാ ഹാൾ ടിക്കറ്റുകൾ ലഭ്യമാകുകയുള്ളു. തുടർന്ന് Attendance Checklist, Exam Registered Report എന്നിവ പ്രിന്റ് എടുത്ത് സൂക്ഷിക്കാവുന്നതാണ്.

## III. <u>Activity Schedule</u>

| | | | |
|---|---|---|---|
| 1. | Candidate Registration | : | **31/07/2021 to 04/08/2021** |
| **2.** | Candidate Confirmation | : | **Before 5 PM on 04/08/2021** |
| **3.** | DGE Verification of Candidates | : | **04/08/2021 to 09/08/2021** |
| **4.** | Exam Registration & Verification | : | **10/08/2021 to 13/08/2021** |
| **5.** | Exam Verification Completion | : | **Before 5 PM on 13/08/2021** |
| **6.** | Hall Ticket Publication | : | **Published Later** |

## IV **Help Desk**

സാങ്കേതിക സംശയനിവാരണത്തിന് ബന്ധപ്പെടേണ്ട നമ്പർ : **0471-2546832**

E-mail : **helpdesk.dled@gmail.com**

**ANNEXURE-B**

**D.El.Ed (ARABIC, HINDI, URDU, SANSKRIT) SEMESTER EXAMINATION APRIL 2021**

# APPLICATION FOR REGISTRATION

| | | |
|---|---|---|
| 1 | Admission Number | |
| 2 | Name (In block letter as in SSLC) | |
| 3 | Sex | |
| 4 | Religion & Caste | |
| 5 | Date of birth | |
| 6 | Address | |
| 7 | Medium of instruction | |
| 8 | Regional Language opted | |
| 9 | Whether Regular/Private | |
| 10 | Papers for which appearing | |
| 11 | Reg.No. and Year of previous appearing (for private candidates only) | |
| 12 | Details of fee remitted | |

Certified that the above mentioned facts are true.

Place: Signature :

Date: **Name**

## ANNEXURE-C

## D.El.Ed (ARABIC, HINDI, URDU, SANSKRIT) SEMESTER EXAMINATION APRIL 2021

# IDENTIFICATION CERTIFICATE

| Photo |
|---|

Identifying officer should sign across photograph

1. Name of the Candidate :

2. Address :

3. Name, designation and office of the attesting officer :

4. Signature of the Candidate :

   (To be signed in the presence of the identifying officer)

I, ....................................................................hereby attest the signature and photograph of Sri/Smt ……………......................................................................... .................................................................................................................................. who is a Regular candidate/Private candidate of the D.El.Ed First/ Second/Third/Fourth Semester Examination April 2021.

Place:

Date: Office Seal **Signature of the Attesting Officer**

**ANNEXURE-D**

## D.El.Ed (ARABIC, HINDI, URDU, SANSKRIT) SEMESTER EXAMINATION APRIL 2021

### Application for Cancellation of Candidature

| | | |
|---|---|---|
| 1. | Centre No | : |
| 2. | Educational District | : |
| 3. | Name of Candidate | : |
| 4. | Register No. | : |
| 5. | Name of T.T.I. | : |
| 6. | Reason for cancellation | : |
| 7. | Documents submitted as proof | : |
| 8. | Whether removed from the roll | : |
| 9. | If Yes, reason for the same and date of removal | : |
| 10. | Whether participated in the practical examination | : |
| 11. | Other details if any | : |
| 12. | Signature of the Guardian | : |

The above mentioned statements are true. Hence, the request to cancel the candidature is recommended.

Place :

Date :

**School Seal** **Signature of the Principal**

## ANNEXURE-E

## D.El.Ed (ARABIC, HINDI, URDU, SANSKRIT) SEMESTER EXAMINATION APRIL 2021

## APPLICATION FOR REVALUATION OF ANSWER SCRIPT

1. Register Number :
2. Name of candidate :
3. Name of TTI in which studied :
4. Name of Educational District :
5. Details of papers for which Revaluation is applied : **(Details may be furnished below)**

| **Sl.No.** | **Name of paper (Medium of Subject should be specified)** | **Grade obtained for the First Semester Exam** |
|---|---|---|
| | | |
| | | |
| | | |

6. **Details of fee remitted at Rs.400/- per paper (Rupees Four Hundred only) to the concerned I.T.E.**

| **Receipt No.** | **Date** | **Amount** |
|---|---|---|
| | | |

Place :

Date : **Signature of the Candidate**

Note :- The application should be submitted through the I.T.E. Principal concerned and the prescribed fee should be collected by the Principal from the candidate at the time of submission of application for revaluation.